# VIBGYOR

ഡിജിറ്റൽ മാഗസിൻ

2019-2020

# ഡി. എച്ച് . ഒ. എച്ച്. എസ്. എസ്

പൂക്കരത്തറ, കോലൊളമ്പ് . പി.ഒ

മലപ്പുറം ജില്ല – 679576



# സന്ദേശം...

നമ്മുടെ സ്കൂളിലെ ലിററിൽ കൈററ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിററൽ മാഗസിൻ പുറത്തിറക്കുന്നതിൽ വളരെ സന്തോഷിക്കുന്നു.ഐ.ടി രംഗത്തെ നൂതന സാധ്യതകൾ സ്വായത്തമാക്കാൻ ഈ സംരഭത്തിലൂടെ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ഈ സംരഭത്തിന് എല്ലാ വിധ ആശംസകളും നൽകുന്നു.

എന്ന്,
ഹെഡ് മാസ്ററർ.

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിററർ | : ഹമീദ്.വി (ഹെഡ് മാസ്ററർ) |
| സ്ററുഡന്റ് എഡിററർ | : മുഹമ്മദ് നദീം. പി |
| അംഗങ്ങൾ | : സുലൈമാൻ. ഇ (SITC & Kite master) |
| | : അബ്ദുൾ ഗഫൂർ. യു (ഡെ.ഹെഡ്മാസ്ററർ) |
| | : സജ്ന. എൻ (Kite mistress) |
| | : ഷെഹീൻ. കെ |
| | : അനുപംജിത്ത് കൃഷ്ണൻ |
| | : മുഹമ്മദ് ഹനീം അബ്ദുൾ ഖാദർ |
| | : ഷബാന |
| | : ഫാത്തിമ സിത്താര |

# ഉള്ളടക്കം


| | ഉൾത്താളുകളിൽ | Page no |
|---|---|---|
| 1 | എഡിറ്റോറിയൽ | 6 |
| 2 | Life as a sweet biscuits | 7 |
| 3 | When the blue waves sing | 8 |
| 4 | ജനുവരിയിലെ രാത്രികളിൽ മലമടക്കുകളിൽ | 10 |
| 5 | ഹരിത ഗ്രാമം സുന്ദര ഗ്രാമം | 12 |
| 6 | Natural disasters | 13 |
| 7 | For God | 15 |
| 8 | GoeBlossomy | 16 |
| 9 | പ്രകൃതി നോവ് | 17 |
| 10 | Painting Gallery | 18 |
| 11 | കാത്തിരിപ്പ് | 20 |
| 12 | പ്രളയം വിഴുങ്ങിയ കേരളം | 21 |
| 13 | അപ്പോഴാണ് ഞാൻ അമ്മയെ ഓർത്തത് | 23 |
| 14 | മഴയെ സ്നേഹിച്ച ബാല്യം | 25 |

# എഡിറ്റോറിയൽ

കേരളത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ ഐ.ടി കൂട്ടായ്മയാണ് ലിററിൽ കൈററ്സ്. ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഐ.ടി രംഗത്തെ നൂതനമായ സാധ്യതകൾ സ്വായത്തമാക്കാൻ ഇത് വളരെയേറെ സഹായിച്ചിട്ടുണ്ട്.വിവിധ മേഖലകളിൽ കൈററ്സ് അംഗങ്ങൾക്ക് ലഭിക്കുന്ന പരിശീലനങ്ങൾ വളരെ മികച്ചതാണ്. സൈബർ സുരക്ഷ , അനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ് , ഇലക്ട്രോണിക്സ്, റോബോട്ടിക്സ് തുടങ്ങി ഒട്ടനവധി വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അറിവുകൾ വിലമതിക്കാനാകാത്തതാണ് .വിദ്യാഭ്യാസ രംഗം ഹൈടെക് ആയി മാറി. ഈ അവസരത്തിൽ കൊച്ചു കൂട്ടുകാർ പുറത്തിറക്കുന്ന ഡിജിററൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നൽകുന്നു.സൃഷ്ടികൾ തന്ന് സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കട്ടെ....

എഡിററർ..

# Life as a sweet biscuit

Baked with love
Are the sweet biscuits, our lives

Baked with care
By the god himself

Each one special
And unique in make
Just like each of us
Different from one another in taste,

Love is added as sugar
While the glough is made
With gentleness, kindness
And lots of innocence tar

None is made with
Hate or sing
To turn out dry and burnt
Like some people cruel this days

All is same in god's eye
All is equal to share the light

Life is like a sweet biscuit
Don't be something
Bitter and waste
It's your choice my friend
Enjoy the sweetness while it lasts

**Anjana Priya (9.D)**

# WHEN THE BLUE WAVES SING

A lone sailor I am.....
sailing west
To discover the land
Behind the wide horizon
Where the sun hides his light

It was night
And the moon has arrived
soothing the waves
with her kind light
It was then, I heard the voice
The voice of a singing girl

Startled i turned looking around
To see the owner of such sweet sound
Alas, i was alone in the middle of the sea
Who could that have been?
Maybe the nymph of the sea!

Then there was it again
Gentle as the breeze
Delicate as a rose
Sweet as honey
The language unknown
But the emotions that flowed
Can make the cruel feel kind.

There was no one except me
But the song was there
Like an orphaned soul
I closed my eyes and listened
And it was coming from the sea
The blue waves were singing
A song without words!

Each line hold the key
To endless happiness
Each tune hide the mystery
Behind the strong current
Each beat echoes
Like the unbeatable truth.

Close your eyes and listen
The waves are singing their song.

Anjana priya-9D

# ജനുവരിയിലെ രാത്രികളിൽ മലമടക്കുകളിൽ



ജനുവരിയിലെ വൈകുന്നേരങ്ങളിൽ
തണുപ്പുകൾ എഴുന്നേറ്റു വരികയാണ്.
കാപ്പിത്തോട്ടങ്ങളിൽ നിന്ന്,
കാപ്പിമരങ്ങളുടെ ചുവട്ടിൽ നിന്ന്,
അവയുടെ സ്വകാര്യതകളിൽ നിന്ന്,
അവയുടെ നിഗൂഢതകളിൽ നിന്ന്,
മരിച്ച ഒരു ഗോത്രജനതയെപ്പോലെ
കറുത്ത് വിറച്ചുവിറച്ച് വളരെ സാവകാശം
അവ്യക്തതകളിൽ നിന്ന് ഉരുവപ്പെട്ട്
എന്തോ ആഭിചാരത്തിനെന്ന പോലെ...
അങ്ങനെ കാണുന്നതല്ല ഇതൊന്നും;
എന്നാൽ കാണാനിടയുണ്ട് താനും.
അവർ റോഡരികിലെ വീടുകളിലേക്ക്
അടഞ്ഞ വാതിലുകളിലൂടെ തുറക്കാതെ തന്നെ,
അടഞ്ഞ ജനലുകളിലൂടെ തുറക്കാതെ തന്നെ,
ചുമരുകളെ നിസ്സാരമായി കടന്നും
അവ പൊളിക്കാതെ തന്നെ
അകത്തേക്ക് കയറിപ്പോവുന്നു.
തണുപ്പുകൾ വീടുകളിലേക്ക് കയറിപ്പോവുന്നു.
തണുപ്പുകൾ:
കറുത്ത കള്ളന്മാരായ
ചുരുണ്ടമുടിയുള്ള പ്രേതങ്ങൾ.

അകത്ത്

തണുപ്പുകൾ ഞെക്കിക്കൊല്ലുന്നവരുടെ
ചങ്കില് കെട്ടിയ ഒച്ചകൾ,
ശബ്ദം പുറത്തുവരാതെ നിശ്ശബ്ദതയിലേക്ക്
മരിച്ചുവീഴുന്ന ഒച്ചകൾ,

ഇരുട്ടായി പുറത്തേക്ക്
അടുക്കളവഴിയോ
തട്ടിന്പുറത്തെ
മരയഴികളിലൂടെയോ
വരുന്നുണ്ട്.
വെള്ളത്തിലേക്ക് പ്രസവിച്ചിട്ട
കുഞ്ഞുങ്ങളെപ്പോലെ വായുവിൽ നീന്തിനീന്തി...
പിന്നെയും രാത്രി പിന്നിടുമ്പോൾ
മരക്കൊമ്പുകളിൽ  തൂങ്ങിക്കിടക്കാറുണ്ട്
മരിച്ച തണുപ്പുകളുടെ ശവ ശരീരങ്ങൾ

രാത്രി:
അജ്ഞാത ശവങ്ങളുടെ ഒരു മോർച്ചറി
നിശ്ശബ്ദ വിലാപങ്ങളുടെ
ഒരു വെളുത്ത സാരി കാറ്റില് പൊന്തുന്നത്
ഒറ്റയ്ക്ക് നടക്കുന്നവർ കാണുന്നു

# ഹരിതഗ്രാമം സുന്ദരഗ്രാമം



പരന്ന് നിറയുന്ന പച്ചപ്പും ജലസമൃദ്ദിയുമാണ് കേരളത്തിന്റെ മുഖമുദ്രകളായി കരുതപ്പെടുന്നത്.ആഗോള വിനോദ സഞ്ചാര ഭൂപടത്തിൽ കേരളം ഇടം നേടിയതും ഈ ഹരിത ചാരുതയാലാണ്.എന്നാൽ സംസ്ഥാനത്തിന്റെ ഈ ആകർഷണീയത ഇന്ന് ഏറെ വെല്ലുവിളി നേരിടുകയാണ്. ജല സ്രോതസ്സുകളുടെ ക്ഷയിക്കലും മലിനമാക്കലും,നഗരഗ്രാമ ഭേദമന്യേ പരിഹാരമില്ലാതെഅവശേഷിക്കുന്ന മാലിന്യ സംസ്കരണം, കാർഷിക മേഖലയുടെ ചുരുങ്ങൽ എന്നിവയാണ് പ്രധാന വെല്ലുവിളികൾ.

നമുക്ക് ഓരോരുത്തർക്കും ഹരിത കേരളം സൃഷ്ടിക്കാൻ ഒത്തൊരുമിക്കാം. ഈ മഹത്തായ യജ്ഞത്തിൽ നാം ഓരോരുത്തരും പങ്കാളികളാവണം.ജലവും മണ്ണും വിളയും ഭാവിയിലേക്ക് വേണ്ടി സംരക്ഷിക്കാനുള്ള ദൗത്യം നാം ഏറ്റെടുക്കണം. ഡിസംബർ എട്ട് മുതൽ കേരളത്തിൽ യുദ്ധകാലടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട മുൻഗണന നൽകുന്ന നിരവധി കാര്യങ്ങൾ നമുക്ക് ചെയ്ത് തീർക്കാനുണ്ട്.


ഒത്തൊരുമിച്ച് ഒറ്റക്കെട്ടായി നിന്നാൽ നല്ലൊരു **ഹരിത സുന്ദര** ഗ്രാമം നമുക്ക് സൃഷ്ടിക്കാം.

# Natural Disasters

* **FLOOD:-** **A** large amount of water covering an area that is usually dry




***EXTREME TEMPERATURE:-** It refers (heat wave cold wave & extreme winter conditions) where temperature fluctuates 10 above or below the average



***TSUNAMI:-** An extremely large wave caused by a violent movement of under the sea.




**AVALANCHE:-** A large amount of ice ,snow,and rock falling quickly down the side of a mountain.



***LAND SLIDES:-** A collapse of a mars of a earth or rockfrom a mountain or cliff





***VOLCANO:-** A mountain with alarge circular hole at the top through which lava(hot liquid rock),gases, steam and dust are have been forced out



Mubashira 9C

# For God

**T**he earth ,It’s a beautiful thing!!
In olden days it was awesome
Now it cause full of damage the earth
Inside the earth we can sit
Many valleys, trees,rivers
the trees enjoy the rain,
flowers enjoy the lightning
and they give beautiful smell !!!
It can’t forget
A man can’t understand the nature
Oh God...
what can we do
Oh God...
save the earth

Arathi -9C

# GEO BLOSSOMY





# പ്രകൃതി നോവ്......

കുത്തി നോവിച്ചു നാം ഓരോ വട്ടവും
പ്രകൃതിയാം മാതാവിനെ
ക്ഷമിച്ചും സഹിച്ചും മടുത്തു ആ അമ്മ
തിരിച്ചടിക്കാനായ് പുറപ്പെടുന്നു
മരങ്ങൾ വെട്ടി നാം സ്വന്തം സുഖത്തിനായ്
വയലുകൾ നികത്തി നാം
ഭൂമിയെ കൊല്ലാതെ കൊല്ലുന്നു
ധരയുടെ സഹനശേഷി നശിപ്പിച്ചു
നാം ധരയെ ചൊടിപ്പിച്ച് നിർത്തുന്നു
ഒരുവട്ടം പ്രകൃതി പ്രതിശേധിച്ചാൽ
ഈ സുഖ സൗഖര്യങ്ങൾ തകർന്നു വീഴാൻ
ഓർക്കുക നാം ഇനിയുള്ള നാളുകൾ
ആവാസ വ്യവസ്ഥ ലഭ്യമാണോ.....
നമ്മളാൽ കൊലചെയ്യുന്നൊരീ അമ്മയെ
ഇനി എത്ര നാൾ .........
നമുക്കിടയിൽ

ഭവ്യ കൃഷ്ണ.പി (9.C)

# Painting Gallery….







**റിയ. (9.C)**





Anjana Priya -9D

# കാത്തിരിപ്പ്

കാത്തിരിക്കുന്നു ഞാൻ കാത്തിരിക്കുന്നെന്റെ
ഉള്ളിലെ സ്വപ്നങ്ങൾ പൂവണിയാൻ
കാറ്റടിച്ചാലും കൊടുങ്കാറ്റടിച്ചാലും
കാത്തിരിക്കുന്നെന്റെ സ്വപ്നങ്ങളെ
എന്നോ പിരിഞ്ഞു പോയെവിടെയെന്നറിയില്ല
എങ്കിലും ഞാൻ കാത്തിരിക്കും
എങ്ങോ മറഞ്ഞു പോയെവിടെയെന്നറിയില്ല
എങ്കിലും ഞാൻ സ്വന്തമാക്കും
മനസ്സിൽ കിടക്കുന്ന സ്വപ്നമേ നിന്നെ ഞാൻ
സത്യമാകും വരെ കാത്തിരിക്കും
കാത്തിരിക്കുമെന്നും കാത്തിരിക്കും
നിന്നെ സത്യമാകും വരെ കാത്തിരിക്കും
വജ്രമോ വൈര്യമോ നൽകിയൊരിക്കൽ ഞാൻ
എൻ പ്രിയ സ്വപ്നത്തെ സത്യമാക്കും
കാത്തിരിക്കുന്നു ഞാൻ കാത്തിരിക്കും
എൻ പ്രിയ സ്വപ്നമേ ..........
സ്വന്തമാക്കും വരെ കാത്തിരിക്കും

**Nayana Haq- 9C**

# പ്രളയം വിഴുങ്ങിയ കേരളം

**നമ്മൾ കേരളീയരെ ഏറെ കണ്ണീരിലാ**വെള്ളം ഒഴുകുന്ന വഴികളിൽ അനധികൃതമായി കെട്ടിപൊക്കുന്ന കെട്ടിടങ്ങളും കൈയ്യേറ്റം ചെയ്യുന്ന ഭൂമികളും ഒഴിവാക്കുക. നെൽപാടങ്ങൾ നികത്തി വീടുകളും കെട്ടിടങ്ങളും നിർമിക്കുന്നത് ഒഴിവാക്കുക. ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുകയും കാലവർഷ സമയത്ത് ഡാമുകളിൽ വെള്ളം നിറയുന്നതിനനുസരിച്ച് യഥാസമയങ്ങളിൽ വെള്ളം തുറന്നു വിടുകയും ചെയ്യേണ്ടതുണ്ട്. യഥാസമയങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യേണ്ടതുവെള്ളം ഒഴുകുന്ന വഴികളിൽ അനധികൃതമായി കെട്ടിപൊക്കുന്ന കെട്ടിടങ്ങളും കൈയ്യേറ്റം ചെയ്യുന്ന ഭൂമികളും ഒഴിവാക്കുക. നെൽപാടങ്ങൾ നികത്തി വീടുകളും കെട്ടിടങ്ങളും നിർമിക്കുന്നത് ഒഴിവാക്കുക. ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുകയും കാലവർഷ സമയത്ത് ഡാമുകളിൽ വെള്ളം നിറയുന്നതിനനുസരിച്ച് യഥാസമയങ്ങളിൽ വെള്ളം തുറന്നു വിടുകയും ചെയ്യേണ്ടതുണ്ട്. യഥാസമയങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യേണ്ടതുണ്ട്.ണ്ട്.**ഴ്ത്തിയ ഏറെ ഭീതിയിലാഴ്ത്തിയ ഒന്നാണ് നാം ഇപ്പോൾ നേരിട്ട തുടങ്ങിയ പ്രകൃതി ദുരന്തം. എന്നാൽ നാം എല്ലാവരും ഒത്തൊരുമിച്ച് കൈകൾ കോർത്ത് സഹോദരി സഹോദരന്മാരായാണ് രക്ഷാപ്രവ-ത്തനത്തിൽ ഏർപ്പെട്ടത്. അതുകൊണ്ട് തന്നെ ഒരുപാട് വ്യക്തികളുടെ ജീവൻ നമുക്ക് രക്ഷിക്കാൻ സാധിച്ചു. ഈ മഴക്കാലത്ത് കേരളം മുഴുവൻ പ്രളയം അനുഭവിച്ചു. ഒരു പക്ഷെ കാസർകോഡ് ഒഴിച്ച് എല്ലാ ജില്ലകളിലും നദി കരകവിഞ്ഞ് ഒഴുകി. ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടി. ഏറ്റവും ദുരിതം ഏറ്റുവാങ്ങിയത് കുട്ടനാട്, പമ്പാതീരം, പെരിയാർ തീരം. തലക്കുമീതെ വീടിനുമീതെ നാടാകെ മുക്കിക്കൊണ്ട് വനമഴവെള്ളപ്പാച്ചിലിനാണ് സമതലങ്ങൾ സാക്ഷ്യം വഹിച്ചത്. ബാക്കിയാകുന്നത് ജീവൻ നഷ്ടപ്പെട്ടവരുടെ കണ്ണീരോമകൾ ദുരന്തത്തിനു മുന്നിൽ പകച്ച നിൽക്കുന്നവരുടെ നിസ്സഹായത തകർന്നടിഞ്ഞ നാടിന്റെ ദൈന്യം** വെള്ളം ഒഴുകുന്ന വഴികളിൽ അനധികൃതമായി കെട്ടിപൊക്കുന്ന കെട്ടിടങ്ങളും കൈയ്യേറ്റം ചെയ്യുന്ന ഭൂമികളും ഒഴിവാക്കുക. നെൽപാടങ്ങൾ നികത്തി വീടുകളും കെട്ടിടങ്ങളും നിർമിക്കുന്നത് ഒഴിവാക്കുക. ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുകയും കാലവർഷ സമയത്ത് ഡാമുകളിൽ വെള്ളം നിറയുന്നതിനനുസരിച്ച് യഥാസമയങ്ങളിൽ വെള്ളം തുറന്നു വിടുകയവെള്ളം ഒഴുകുന്ന വഴികളിൽ അനധികൃതമായി കെട്ടിപൊക്കുന്ന കെട്ടിടങ്ങളും കൈയ്യേറ്റം ചെയ്യുന്ന ഭൂമികളും ഒഴിവാക്കുക.

നെൽപാടങ്ങൾ നികത്തി വീടുകളും കെട്ടിടങ്ങളും നിർമിക്കുന്നത് ഒഴിവാക്കുക. ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുകയും കാലവർഷ സമയത്ത് ഡാമുകളിൽ വെള്ളം നിറയുന്നതിനനുസരിച്ച് യഥാസമയങ്ങളിൽ വെള്ളം തുറന്നു വിടുകയും ചെയ്യേണ്ടതുണ്ട്. യഥാസമയങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യേണ്ടതുണ്ട്.ും ചെയ്യേണ്ടതുണ്ട്. യഥാസമയങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യേണ്ടതുണ്ട്.**നിരന്തരം ശക്തമായി മഴ പെയ്തു. നാടും നഗരവും കാടും മലയും പുഴയും അകോട്ടം പ്രളയത്തിൽ മുങ്ങി. കേരളം പ്രളയം എന്ന യഥാർത്യം അനുഭവിച്ച തുടങ്ങുകയായി- രുന്നു. പ്രളയത്തെ മുൻകൂട്ടി പ്രവചിക്കാനോ മുൻകരുതൽ നടപടി എടുക്കാനോ നമ്മുടെ ദുരന്തനിവാരണ സങ്കടങ്ങൾക്കായില്ല.**

**വെള്ളം ഒഴുകുന്ന വഴികളിൽ അനധികൃതമായി കെട്ടിപൊക്കുന്ന കെട്ടിടങ്ങളും കൈയ്യേറ്റം ചെയ്യുന്ന ഭൂമികളും ഒഴിവാക്കുക. നെൽപാടങ്ങൾ നികത്തി വീടുകളും കെട്ടിടങ്ങളും നിർമിക്കുന്നത് ഒഴിവാക്കുക. ഡാമുകളുടെ സുരക്ഷ ഉറപാക്കുകയും കാലവർഷ സമയത്ത് ഡാമുകളിൽ വെള്ളം നിറയുന്നതിനനുസരിച്ച് യഥാസമയങ്ങളിൽ വെള്ളം തുറന്നു വിടുകയും ചെയ്യേണ്ടതുണ്ട്. യഥാസമയങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ് നൽകുകയും ചെയ്യേണ്ടതുണ്ട്.ത്തിൽ മുങ്ങി. കേരളം പ്രളയം എന്ന യഥാർത്യം അനുഭവിച്ച തുടങ്ങുകയായി- രുന്നു. പ്രളയത്തെ മുൻകൂട്ടി പ്രവചിക്കാനോ മുൻകരുതൽ നടപടി എടുക്കാനോ നമ്മുടെ ദുരന്തനിവാരണ സങ്കടങ്ങൾക്കായില്ല.**

വെള്ളം ഒഴുകുന്ന വഴികളിൽ അനധികൃതമായി കെട്ടിപൊക്കുന്ന കെട്ടിടങ്ങളും കൈയ്യേറ്റം ചെയ്യുന്ന ഭൂമികളും ഒഴിവാക്കുക. നെൽപാടങ്ങൾ നികത്തി വീടുകളും കെട്ടിടങ്ങളും നിർമിക്കുന്നത് ഒഴിവാക്കുക. ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുകയും കാലവർഷ സമയത്ത് ഡാമുകളിൽ വെള്ളം നിറയുന്നതിനനുസരിച്ച് യഥാസമയങ്ങളിൽ വെള്ളം തുറന്നു വിടുകയും ചെയ്യേണ്ടതുണ്ട്. യഥാസമയങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യേണ്ടതുണ്ട്.

Sreedarsan.C

# അപ്പോഴാണ് ഞാൻ

# അമ്മയെ ഓർത്തത്....

Ameena-9F

"സർ... താങ്കൾക്ക് എപ്പോഴെങ്കിലും അമ്മയുടെ സ്നേഹം അമൂല്യമാണെന്ന് തോന്നിയിട്ടുണ്ടോ?"

അദ്ദേഹം ഒന്നു പുഞ്ചിരിച്ചു. ഒരു വൃദ്ധസദനത്തിന്റെ ഉടമയായ തന്നോട് ചോദിക്കേണ്ട ഒരു നല്ല ചോദ്യം തന്നെയായിരുന്നു അത്.

"ഉം.... ഉണ്ട്."

ആ മറുപടി കേട്ടപ്പോൾ എല്ലാവരും അദ്ദേഹത്തിന്റെ മുഖത്തേക്ക് ആകാംക്ഷയോടെ നോക്കി. അദ്ദേഹം പറയാൻ തുടങ്ങി....

" ഞാൻ ബി.കോമിന് പഠിക്കുമ്പോൾ ഒരു ആവശ്യത്തിന് ബാംഗ്ലൂരിലേക്ക് പോകേണ്ടി വന്നു. 5.30 നായിരുന്നു ട്രെയിൻ. ഞാൻ പുറപ്പെട്ടുകഴിഞ്ഞപ്പോഴേക്കും 5 മണിയായി. ഡൈനിംഗ് ടേബിളിലെത്തിയപ്പോൾ ചായ എത്തിയിട്ടില്ല. എനിക്ക് ദേശ്യം വന്നു. ഞാൻ അലറിക്കൊണ്ട് ചോദിച്ചു.

"എന്താ ചായ എത്താത്തത്"

"ഇപ്പോ കൊണ്ടുവരാം മോനേ"

"ഞാൻ നേരത്തെ പോകുന്നത് നിങ്ങക്കറിഞ്ഞൂടെ. ഞാൻ പോവാ..."

" നിക്ക്. ഇന്ന് നിനക്കിഷ്ടപ്പെട്ട വെള്ളപ്പമാ. കഴിച്ചിട്ട് പോവാം."

"എനിക്ക്, വേണ്ടാ എന്നല്ലെ പറഞ്ഞത്."

അമ്മയുടെ വാക്കുകൾക്ക് വിലവെക്കാതെ ഞാൻ ബൈക്കുമെടുത്ത് പുറപ്പെട്ടു. പിന്നെ സ്റ്റാർട്ടാക്കാൻ പറ്റുന്നില്ല. ഒരുപാട് ശ്രമിച്ചു. ചിലപ്പോൾ അമ്മ പറഞ്ഞത് കേൾക്കാത്തതിന് ദൈവം തന്ന ശിക്ഷയായിരിക്കും. ഒരുപാട് നേരത്തെ ശ്രമങ്ങൾക്കൊടുവിൽ ബൈക്ക് സ്റ്റാർട്ടായി. എത്ര കയർത്താലും അമ്മയുടെ പ്രാർത്ഥന എന്റെ കൂടെ ഉണ്ടെന്ന് എനിക്ക് മനസ്സിലായി. സമയം നോക്കിയപ്പോൾ 5 മിനിറ്റ് ബാക്കി. പെട്ടെന്ന് ഓടിച്ച് റെയിൽവേ സ്റ്റേഷനിലെത്തി. ഭാഗ്യവശാൽ ട്രെയിൻ പോയില്ല. നല്ലവണ്ണം വിശന്നിരുന്നു. ബാംഗ്ലൂരെത്തിയിട്ട് വല്ലതും

കഴിക്കാമെന്ന കരുതി പച്ചവെള്ളം കുടിച്ച് വിശപ്പടക്കി. അങ്ങനെ ബാംഗ്ലൂരെത്തി.

ഉടനെ അവിടുത്തെ ഹോട്ടലിൽ കയറി. ഭക്ഷണം ഓർഡർ ചെയ്തു. ഭക്ഷണം രുചിച്ചുനോക്കിയപ്പോൾ തന്നെ ഛർദിക്കാൻ വന്നു. അമ്മയുടെ കൈകൊണ്ടുണ്ടാക്കുന്നതിന്റെ രുചിയൊന്നും അതിനുണ്ടായിരുന്നില്ല. “അമ്മ ഉണ്ടാക്കിയത് കഴിക്കാതെ വന്ന എനിക്ക് ഇത് തന്നെ കിട്ടണം". എന്ന് സ്വയം ശപിച്ചുകൊണ്ട് ഭക്ഷണം കഴിക്കാതെ ഇറങ്ങി. അന്ന് പിന്നെ ഭക്ഷണമൊന്നും കഴിച്ചില്ല. ചില സാങ്കേതിക പ്രശ്നങ്ങളാൽ അന്ന് വീട്ടിലേക്ക് മടങ്ങാൻ കഴിഞ്ഞില്ല. ഇനി നാളെ വീട്ടിലെത്തിയിട്ടേ എനിക്ക് ഭക്ഷണം കഴിക്കാൻ പറ്റൂ. എനിക്ക് വലിയ കുറ്റബോധം തോന്നി. തനിക്ക് കൃത്യസമയത് ഭക്ഷണം തരുന്ന അമ്മയെ തന്നതിന് ദൈവത്തെ ആയിരം തവണ സ്തുതിച്ചു വീട്ടിലെത്തിയാൽ അമ്മയെ കെട്ടിപിടിച്ചൊരുമ്മ കൊടുക്കണമെന്നായിരുന്നു. എന്റെ മനസ്സിൽ ശരിക്കും അപ്പോഴാണ് ഞാൻ അമ്മയെ ഓർത്തത്. ആ അമൂല്യ സ്നേഹത്തിന്റെ വിലയറിഞ്ഞത്. അങ്ങനെ വീട്ടിലെത്തി ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു, ഇതൊക്കെ കണ്ട് അന്തം വിട്ടുനിൽക്കുന്ന അമ്മയുടെ നെറുകയിൽ ഒരു മുത്തം കൊടുത്തു.

“അമ്മേ ഇനി ഞാൻ അമ്മയോട് കയർത്തു സംസാരിക്കില്ല സത്യം"

“നിനക്കെന്തു പറ്റി മോനേ... നീ ഭക്ഷണം  കഴിച്ചോ?”

“ഇല്ല അമ്മെ"

“എങ്കിൽ നീ കൈ കഴുകി വന്നെ ഞാൻ വിളമ്പാം"

അമ്മ വിളമ്പിയ ചോറ് ആർത്തിയോടെ അതിലുപരി സന്തോഷത്തോടെ ഞാൻ കഴിച്ചു. അപ്പോഴും അമ്മ എന്നെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. എനിക്കെന്ത് പറ്റിയെന്നറിയാതെ...

അദ്ദേഹം ഒന്നു നിർത്തി. എല്ലാവരും അദ്ദേഹത്തിന്റെ മുഖത്തേക്ക് കൺചിമ്മാതെ നോക്കുകയാണ്. അദ്ദേഹം തുടർന്നു.” എന്റെ ഒരു വൃദ്ധസദനം പണിയാൻ ഞാൻ കരുതി. അങ്ങനെയാണ് ഈസ്ഥാപനം ഉണ്ടാക്കിയത്.” കണ്ണീർ കലർന്ന പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞവസാനിച്ചപ്പോൾ ചോദ്യകർത്താക്കൾ ആശ്ചര്യത്തോടെ അദ്ദേഹത്തെ നോക്കി.

# മഴയെ സ്നേഹിച്ച ബാല്യം

“മോനെ അരുണേ..... നീ എന്തിനാ ഇങ്ങനെ കരയുന്നേ.......”

അലമുറയിട്ട കരയുന്ന മോനോട് രാജീവ് ചോദിച്ചു.

“അച്ഛാ അമ്മ എന്നെ തല്ലി.”

“വല്ല കുരുത്തക്കേടും കാണിച്ചിട്ടുണ്ടാകും. അല്ലെ"

“ഞാൻ മഴയത്തിറങ്ങിയതിനാ...”

“മഴയത്തിറങ്ങിയാൽ പനി പിടിക്കില്ലെ നീ ഇവിടെയിരുന്ന് ടി.വി. കണ്ടോ...”

മകന് ടി.വി ഓണാക്കി കൊടുത്ത് രാജീവ് ഉമ്മറത്തേക്ക് നടന്നു. പുറത്ത് മഴ ചിന്നെ പിന്നം പെയ്യുന്നുണ്ട്. കാറ്റ് വരുമ്പോൾ അതിന് ആവേശം കൂടുന്നു. രാജീവ് അത് നോക്കിയിരുന്നു. അദ്ദേഹത്തിന്റെ ചിന്ത പതിയെ പിറകോട്ടോടി...

****

“അമ്മേ ഈ രാജുഏട്ടൻ എനിക്ക് വഞ്ചി ഉണ്ടാക്കിതരുന്നില്ല.”അനിയൻ ഗോപുവിന്റെ പരാതി കേട്ട് അമ്മ ഉമ്മറത്തേക്ക് വന്നു. എന്നിട്ട് രാജീവിനെ പറഞ്ഞു.

“മോനെ രാജു അവൻ നിന്റെ അനിയനല്ലേ. ഒരു വഞ്ചി ഉണ്ടാക്കിക്കൊടുക്ക്.”

“എങ്കിൽ എന്റെ കളിക്കോപ്പ് എടുക്കില്ലെന്ന് അവനോട് സത്യം ചെയ്യാൻ പറ.”

രാജു ഗോപുവിനെ ഇടങ്കണ്ണിട്ട് നോക്കിയിട്ട് പറഞ്ഞു.

“സത്യം. ഞാനിനി ചേട്ടന്റെ കളിക്കോപ്പെടുക്കില്ല.” അവൻ തല താഴ്ത്തി കൊണ്ട് പറഞ്ഞു.

“എങ്കിൽ വാ നമുക്ക് കളിക്കാം.”

അവർ കളിക്കാനിറങ്ങി. അമ്മ അടുക്കളയിലേക്കും.

അവർ രണ്ടുപേരും വഞ്ചിയുണ്ടാക്കി വിട്ടു. അതിന്റെ പിന്നാലെ ഓടി നടന്നു. മഴയത്ത് തുള്ളിക്കളിച്ചു. മഴത്തുള്ളിയോട് സംസാരിച്ചു. അതിന്റെ ഭംഗിയെ കുറിച്ചും

മറ്റം. മരങ്ങൾ കുലുക്കി "കൃത്രിമ മഴ"യുണ്ടാക്കി. മഴ കാരണം പുഴ പോലെയായ മുറ്റത്ത് നീന്തി. അങ്ങനെ ഒരുപാട് നേരം....

“ മക്കളേ.... നേരം കുറേയായി. കേറി വന്നേ....”

“ ഇതാ വരണ് അമ്മേ....”

അവർ കളി മതിയാക്കി വന്നു. അമ്മ തോർത്തെടുത്ത് അവരുടെ തല തോർത്തി. രാജു അമ്മയെ കെട്ടിപ്പിടിച്ച് കൊണ്ട് ചോദിച്ചു:

“അമ്മേ.... പനി വന്നാൽ സ്കൂളിൽ പോവേണ്ട അല്ലേ.”

“അയ്യട.... അപ്പോ അതായിരുന്നല്ലേ മനസ്സിൽ. നല്ല പൂതി"

അമ്മ ഒരു കുസൃതി ചിരിയോടെ പറഞ്ഞു. അവനും ആ ചിരിയിൽ പങ്കു ചേർന്നു..

****

“ അച്ഛാ ... എനിക്ക് വേറെ കാർട്ടൂൺ വെച്ച് താ...”

മകന്റെ ശബ്ദം കേട്ട് രാജീവ് ചിന്തയിൽ നിന്നുണർന്നു.

“മോനേ നീ ടി.വി.യ ഓഫാക്കി വന്നേ. നമുക്ക് മഴയിൽ കളിക്കാം.” അവൻ ടി.വി. ഓഫാക്കാൻ ഓടി.

“ഞാൻ എത്ര കൊതിച്ചാണ് മഴയത്ത് കളിക്കാൻ എന്നെപ്പോലെത്തന്നെ എന്റെ മകനും കളിക്കട്ടെ" രാജീവ് മനസ്സിൽ പറഞ്ഞു. അപ്പോഴേക്കും അരുൺ തുള്ളിച്ചാടി വന്നു. രാജീവ് അവന്റെ കൈപിടിച്ച് മുറ്റത്തേക്കിറങ്ങി. മഴയത്തു കളിക്കുന്നതിന്റെ ആഹ്ലാദത്തിലുപരി 'അച്ഛനെന്തുപറ്റി' എന്ന ആശങ്ക അവന്റെ മുഖത്ത് നിഴലിച്ചിരുന്നു.....

Ameena -9F

PHOTOGRAPHY BY T.A.Rasheed


























നന്ദി.....